# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2753 | 19.02.2016 ൽ മറുപടിയ്ക്ക്

### സപ്ലൈകോ വഴി വിൽക്കുന്ന അവശ്യവസ്തുക്കളുടെ വില വർദ്ധന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എളമരം കരീം | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈക്കോ വഴി വിൽക്കുന്ന അവശ്യ വസ്തുക്കളുടെ വില വർദ്ധിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) സപ്ലൈകോയുടെ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്കുകൂലി, അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും വില്പന വില കൂട്ടാതിരിക്കുകയും ചെയ്യുതുമൂലം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതു മൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും ഇത് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്യുതുകൊണ്ടാണ്, സബ്സിഡി സാധനങ്ങളുടെ വില്പനവില പുനർനിർണ്ണയിച്ചത്.<br><br>കഴിഞ്ഞ ഒരു വർഷമായി സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടല്ല എന്നുമാത്രമല്ല പല സബ്സിഡി സാധനങ്ങളുടെയും വില കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഏതെല്ലാം ഉല്പന്നങ്ങൾക്ക് എത്ര ശതമാനം നിരക്കിലാണ് വർദ്ധനവ് നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) അനുബന്ധം (1) ആയി ചേർക്കുന്നു. |
| (സി) ഉൽപന്നങ്ങളുടെ സപ്ലൈകോ വിലയും മാർക്കറ്റ് വിലയും കാണിക്കുന്ന ഒരു പട്ടിക ലഭ്യമാക്കാമോ; | (സി) അനുബന്ധം (2) ആയി ചേർക്കുന്നു. |
| (ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്രാമത്തെ തവണയാണ് സപ്ലൈകോ വിതരണം ചെയ്യുന്ന വസ്തുക്കൾക്ക് വില വർദ്ധിപ്പിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സപ്ലൈകോ വഴി വിതരണം ചെയ്യുന്ന വസ്തുക്കളുടെ വില വർദ്ധനവ് സംബന്ധിച്ച വിശദാംശം അനുബന്ധം (1) ൽ കാണാവുന്നതാണ്. കഴിഞ്ഞ ഒരു വർഷമായി സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല എന്നുമാത്രമല്ല പല സബ്സിഡി സാധനങ്ങളുടെയും വില കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം -1</u>

| ക്രമ നമ്പർ | ഇനം | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന സബ്സിഡി വില<br>കി. ഗ്രാമിന് | 6.7.12 ലെ ഉത്തരവ്വ പ്രകാരം പുതുക്കിയ സബ്സിഡി വില<br>കി. ഗ്രാമിന് | 1.8.13 മുതൽ പുതുക്കിയ സബ്സിഡി വില<br>കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 24.8.14 മുതൽ പുതുക്കിയ സബ്സിഡി വില<br>കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 6.11.14 മുതൽ പുതുക്കിയ സബ്സിഡി വില<br>കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 1.12.14 മുതൽ പുതുക്കിയ സബ്സിഡി വില<br>കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 01.01.15 ലെ സബ്സിഡി വില<br>കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 26.11.15 ലെ സബ്സിഡി വില | വർദ്ധനവ് ശതമാനത്തിൽ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ചെറുപയർ | – | 49.00 | 55.00 | 12.24 | 55.00 | 0 | 77.00 | 40 | 74.00 | -3.9 | 74.00 | 0 | 74.00 | 0 |
| 2 | ഉഴുന്ന് ബോൾ | 36.00 | 36.00 | 42.00 | 16.67 | 42.00 | 0 | 76.00 | 80.95 | 66.00 | -13.16 | 66.00 | 0 | 66.00 | 0 |
| 3 | വൻകടല | – | 44.00 | 45.00 | 2.27 | 45.00 | 0 | 45.00 | 0 | 43.00 | -4.4 | 43.00 | 0 | 43.00 | 0 |
| 4 | വൻപയർ | 26.50 | 26.50 | 35.00 | 32.08 | 35.00 | 0 | 49.00 | 40 | 45.00 | -8.16 | 45.00 | 0 | 45.00 | 0 |
| 5 | തുവരപരിപ്പ് | 34.00 | 34.00 | 45.00 | 32.35 | 45.00 | 0 | 67.00 | 48.89 | 65.00 | -2.99 | 65.00 | 0 | 65.00 | 0 |
| 6 | മുളക് | 45.00 | 45.00 | 55.00 | 22.22 | 75.00 | 36.36 | 75.00 | 0 | 75.00 | 0 | 75.00 | 0 | 75.00 | 0 |
| 7 | മല്ലി | 66 | 45.90 | 60.00 | 30.72 | 60.00 | 0 | 112.00 | 86.67 | 112.00 | 0 | 112.00 | 0 | 100.00 | -10.71 |
| 8 | പഞ്ചസാര | 25.00 | 25.00 | 26.00 | 4 | 26.00 | 0 | 27.50 | 5.77 | 25.00 | -9.09 | 25.00 | 0 | 22.00 | -12.00 |
| 9 | പച്ചരി | 16.00 | 16.00 | 21.00 | 31.25 | 23.00 | 9.5 | 23.00 | 0 | 23.00 | 0 | 23.00 | 0 | 23.00 | 0 |
| 10 | കുറുവ അരി | – | 19.00 | 21.00 | 10.53 | 25.00 | 19.05 | 25.00 | 0 | 25.00 | 0 | 25.00 | 0 | 25.00 | 0 |
| 11 | മട്ട അരി | 16.00 | 16.00 | 21.00 | 31.25 | 25.00 | 19.05 | 25.00 | 0 | 25.00 | 0 | 25.00 | 0 | 24.00 | -4.00 |
| 12 | ജയ അരി | – | 21.00 | 21.00 | 0 | 25.00 | 19.05 | 25.00 | 0 | 25.00 | 0 | 25.00 | 0 | 25.00 | 0 |
| 13 | വെളിച്ചെണ്ണ | – | 62.00 | 62.00 | 0 | 125.00 | 101.61 | 151.00 | 20.8 | 139.00 | -7.95 | 130.00 | -6.47 | 110.00 | -15.38 |

സെക്ഷൻ ഓഫീസർ

അനുബന്ധം - 2.

| ക്രമ നമ്പർ | ഇനം | നിലവിലെ സബ്സിഡി വില (രൂപ കി.ഗ്രാമിന്) | പൊതു വിപണി വില (as per Economics and Statistics Dept of 02-02-2016(per Kg) |
|---|---|---|---|
| 1 | ചെറുപയർ | 74.00 | 109.79 |
| 2 | ഉഴുന്ന് ബോൾ | 66.00 | 162.79 |
| 3 | വൻകടല | 43.00 | 75.85 |
| 4 | വൻപയർ | 45.00 | 64.50 |
| 5 | തുവര പരിപ്പ് | 65.00 | 155.14 |
| 6 | മുളക് | 75.00 | 152.21 |
| 7 | മല്ലി | 100.00 | 133.79 |
| 8 | പഞ്ചസാര | 22.00 | 34.32 |
| 9 | ജയ അരി | 25.00 | 31.00 |
| 10 | കുറുവ അരി | 25.00 | 30.00 |
| 11 | മട്ട അരി | 24.00 | 34.32 |
| 12 | പച്ചരി | 23.00 | 28.00 |
| 13 | വെളിച്ചെണ്ണ | 106.00 | 131.79 |

സെക്ഷൻ ഓഫീസർ